ഭരണഭാഷ - മാതൃഭാഷ

**അടിയന്തിരം**

നം.എഫ് 5/37923/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി 18.11.2017
ഫോൺ: 0471-2303107

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്
കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്

സർ,

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - ടെസ്റ്റ് യോഗ്യത നേടാതെ തുടരുന്ന ലാബ്/ലൈബ്രറി അസിസ്റ്റന്റ്മാരെ തരം താഴ്ത്തുന്നത് - സംബന്ധിച്ച്.

സൂചന:
1. 28.03.2015 ലെ 756/D3/15/ഉ.വി.വ നമ്പരായ സർക്കാർ കത്ത്.
2. 26.11.2013 ലെ ഇ 1/24690/13/കോ.വി.വ നമ്പരായ ഈ ഓഫീസ് കത്ത്.
3. 13.04.2015 ലെ F 2/42847/2009/കോ.വി.വ മേലെഴുത്ത്.
4. 22.03.2016 ലെ ഇ 2/3497/2015/കോ.വിവ സർക്കുലർ.
5. 05.04.2017, 03.10.2017 തീയതികളിലെ D3/472/2016/ഉ.വി.വ, D3/411/2016/ഉ.വി.വ നമ്പരുകളായ സർക്കാർ കത്തുകൾ.

*****

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം, തുടർച്ചയായ 5 അവസരങ്ങൾക്കുള്ളിൽ, കേരളാ പി.എസ്.സി നടത്തുന്ന അറ്റൻഡർ ടെസ്റ്റ് പാസായിരിക്കണം എന്നുള്ള വ്യവസ്ഥയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും ലാബ്/ലൈബ്രറി അസിസ്റ്റന്റ് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിക്കുകയും, അപ്രകാരം യോഗ്യത നേടാതെ തുടരുകയും ചെയ്യുന്ന ജീവനക്കാരെ, ആദ്യത്തെ തസ്തികയിലേക്ക് (അറ്റൻഡർ തസ്തികയ്ക്ക് തൊട്ട് മുമ്പുണ്ടായിരുന്ന തസ്തിക) തരം താഴ്ത്തണമെന്ന്, സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സൂചന 2, 3, 4 കത്തുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

ഇപ്രകാരം തരംതാഴ്ത്തുന്നത് സംബന്ധിച്ച് സൂചന (5) പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശം ലഭ്യമാക്കിയിട്ടുണ്ട്. എങ്കിലും പല കോളേജിലും വ്യവസ്ഥപ്രകാരമുള്ള നിശ്ചിത യോഗ്യത നേടാതെ ജീവനക്കാർ, ലാബ്/ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിൽ തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സൂചന 5 സർക്കാർ കത്തിൽ

നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം, മാനേജർ ഉത്തരവിറക്കുന്ന തീയതി പ്രാബല്യത്തിൽ ടി ജീവനക്കാരെ മുൻ തസ്തികയിലേക്ക് അടിയന്തിരമായി തരം താഴ്ത്തേണ്ടതും സർക്കാർ കത്തുകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽ പ്രസ്താവിച്ച പ്രകാരം യോഗ്യത നേടാതെ ലാബ്/ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിൽ തുടരുന്ന ജീവനക്കാരുടെ വിവരങ്ങൾ താങ്കളുടെ അധികാര പരിധിയിൽ വരുന്ന കോളേജുകളിൽ നിന്നും സമയ ബന്ധിതമായി ശേഖരിച്ച് ഒരു മാസത്തിനുള്ളിൽ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1980 ന് ശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയിട്ടുള്ള അറ്റൻഡർ യോഗ്യത പരീക്ഷാ തീയതികൾ ചുവടെ ചേർക്കുന്നു.

1. 23.07.1983,
2. 04.05.1985,
3. 15.04.1989,
4. 31.10.1992,
5. 28.09.1996,
6. 05.10.2002,
7. 13.04.2005,
8. 13.05.2010,
9. 07.07.2016

അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സൂചന 5 സർക്കാർ കത്തുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഡോ.ഡി.കെ.സതീഷ്
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:-

1. ഇ 1 സെക്ഷൻ (ജനറൽ)
2. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഡിജെ—21.11.2017

0758840 GOVERNMENT OF KERALA

## അനുബന്ധം

## ലാബ് / ലൈബ്രറി അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് യോഗ്യത നേടാതെ തുടരുന്ന ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നമ്പർ | കോളേജിന്റെ പേര് | ജീവനക്കാരുടെ പേര് | ജോലിയിൽ പ്രവേശിച്ച തീയതി, തസ്തിക | ലാബ്/ലൈബ്രറി അസിസ്റ്റന്റായി ബൈട്രാൻസ്ഫർ നിയമനം ലഭിച്ച തീയതി | നിയമനം ലഭിച്ച ശേഷം നടന്ന യോഗ്യതാ പരീക്ഷകളുടെ വിവരങ്ങൾ | സർക്കാർ ഉത്തരവ് പ്രകാരം, ഇവരെ തരം താഴ്ത്താതിരുന്നതിന്റെ വിശദീകരണം |
|---|---|---|---|---|---|---|
| | | | | | | |

GOVERNMENT OF KERALA

File No HEDN-D3/472/2016-HEDN

GOVERNMENT OF KERALA

ACTION TODAY

No.D3/472/2016-HEDN

Higher Education (D) Department
Thiruvananthapuram
Dated: 5.4.2017

From

The Principal Secretary to Government

12627

To

The Director of Collegiate Education,
Thiruvananthapuram

Sir,

Sub:- Higher Education Department-Private Aided Colleges- NTS-Reversion of Laboratory Assistant- Sir Syed College, Thaliparambu-Fixation of Pay-Reg-Reg

Ref: Letter No E3/16778/2015/Coll Edn dated 18.10.2016 and 27.12.2016

* * * * * * * * * * *

I am to invite your attention to the reference cited and to inform the following relating to the reversion and fixation of Laboratory Assistants in Sir Syed College, who remain unqualified after five consecutive Attender test conducted by the KPSC. It is seen that the incumbents were reverted to the post of Office Attendants w.e.f 14.5.2010 as per the Order dated 1.6.2015, since the fifth chance of the attender test was on 13.5.2010. Since the post of Lab Attender/ Library Attender and Office Attendant involves change of duty, reversion cannot be effected with retrospective date. Hence the reversion has effect only from the date of joining the post of OA on reversion. Hence I am to request to modify the reversion order dt. 1.6.2015 by deleting the portion w.e.f 14.5.2010. The Director of Collegiate Education is also informed that the pay in the post of Office Attendant as on the date of joining the post on reversion is regulated notionally as if they were not promoted/appointed to the post of Lab Attender/ Library Attender. I am also to inform you to process all the similar cases, except having any stay imposed by Court, in the alike manner.

Yours faithfully
MARY LALY.C.Y
Under Secretary
(For The Principal Secretary to Government)

Approved For Issue

Section Officer

Copy to: The Deputy Director of Collegiate Education,
Kollam/Kottayam/ Ernakulam/Thrissur/Kozzhikkode

കേരള സർക്കാർ

ം ഡി3/41/76/ഉ വി വ

ഉന്നതവിദ്യാഭ്യാസ (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി: 3.10.2017

ഗവൺമെന്റ് സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.തിരുവനന്തപുരം

സർ.

വിഷയം - ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - സെന്റ് ജോസഫ് കോളെജ് ദേവഗിരി- അറ്റന്റർ ടെസറ്റ് പാസാകാത്ത ലാബ് അസിസ്റ്റന്റ്മാരുടെ തരംതാഴ്ത്തൽ സംബന്ധിച്ച്.

സൂചന-താങ്കളുടെ 9.9.16, 11.4.17 എന്നീ തിയതികളിലെ ഇ 3/5934/2015/കോവിവ നമ്പർ കത്തുകൾ.

************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ നടത്തുന്ന അറ്റന്റർ ടെസറ്റ് അഞ്ച് ചാൻസ് ലഭിച്ചിട്ടും പാസാകാത്ത ലാബ് അസിസ്റ്റന്റ്മാരുടെ റിവർഷൻ സംബന്ധിച്ചും പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ചുമുള്ള സ്പഷ്ടീകരണം ചുവടെ ചേർക്കുന്നു.

കെ.എസ്.ആർ ഭാഗം-I ചട്ടം 37A യ്ക്ക് ചുവടെയുള്ള സർക്കാർ തീരുമാനം പ്രകാരം ഒരു സർക്കാർ ജീവനക്കാരന്റെ ഉദ്യോഗക്കയറ്റമോ നിയമനമോ തെറ്റാണെന്ന് നിയമനാധികാരിയുടെ ശ്രദ്ധയിൽപ്പെടുന്ന മാത്രയിൽ തന്നെ പ്രസ്തുത ഉദ്യോഗക്കയറ്റത്തിന്റെയൊ നിയമനത്തിന്റേയോ ഉത്തരവുകൾ റദ്ദാക്കേണ്ടതും ഉടൻ തന്നെ ആ ജീവനക്കാരനെ തെറ്റായ ഉദ്യോഗക്കയറ്റം/നിയമനം ഉത്തരവില്ലായിരുന്നെങ്കിൽ അയാൾ വഹിക്കുമായിരുന്ന സ്ഥാനത്തേക്ക് കൊണ്ടുവരേണ്ടതാണ്. ടിയാളുകൾ അറ്റൻഡർ ടെസ്റ്റ് വിജയിക്കാത്ത സാഹചര്യത്തിൽ ഇവർക്ക് ലാബ് അസിസ്റ്റന്റ് തസ്തികയിൽ നൽകിയ പ്രൊമോഷൻ മുൻകാലപ്രാബല്യമില്ലാതെ റദ്ദ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച ശേഷം ഇവർ പ്രൊമോട്ട് ചെയ്യപ്പെടാതെ തുടർന്നിരുന്നെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളം കണക്കാക്കി ഇവരുടെ last pay റിവൈസ് ചെയ്ത് അതിനനുസൃതമായി പെൻഷൻ ആനുകൂല്യങ്ങൾ റിവൈസ് ചെയ്യേണ്ടതാണ് എന്നും ചുമതല വ്യത്യാസമുള്ള തസ്തികയിൽ ജോലിചെയ്ത സാഹചര്യത്തിൽ ലാബ്/ലൈബ്രറി അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിച്ച കാലയളവിൽ അധികമായി കൈപ്പറ്റിയ ശമ്പളം ഇവരിൽ നിന്നും തിരിച്ച് പിടിക്കേണ്ടതില്ല എന്നും എന്നാൽ പെൻഷൻ ആനുകൂല്യങ്ങളിൽ അധികമായി കൈപ്പറ്റിയ തുക തിരികെ പിടിക്കേണ്ടതാണ് എന്നും അറിയിക്കുന്നു. ലാബ് അസിസ്റ്റന്റ്മാരുടെ റിവർഷൻ സംബന്ധിച്ച എല്ലാ കേസുകളും ഇത്തരത്തിൽ നടപടി സ്വീകരിച്ച് തീർപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ
**മേരി ലാലി.സി.വൈ.**
അണ്ടർ സെക്രട്ടറി
ഗവൺമെന്റ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Priya

സെക്ഷൻ ഓഫീസർ

പകർപ്പ്: കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്

കേരള സർക്കാർ

നം. ഡി3/411/16/ഉ.വി.വ

ഉന്നതവിദ്യാഭ്യാസ (ഡി) വകുപ്പ്
തിരുവനന്തപുരം
തിയതി: 3.10.2017

ഗവൺമെന്റ് സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.തിരുവനന്തപുരം

സർ.

വിഷയം - ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - സെന്റ് ജോസഫ് കോളെജ് ദേവഗിരി- അറ്റന്റർ ടെസറ്റ് പാസാകാത്ത ലാബ് അസിസ്റ്റന്റ്മാരുടെ തരംതാഴ് ത്തൽ സംബന്ധിച്ച്.

സൂചന-താങ്കളുടെ 9.9.16, 11.4.17 എന്നീ തിയതികളിലെ ഇ 3/5934/2015/കോവിവ നമ്പർ കത്തുകൾ.

************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ നടത്തുന്ന അറ്റന്റർ ടെസറ്റ് അഞ്ചു ചാൻസ് ലഭിച്ചിട്ടും പാസാകാത്ത ലാബ് അസിസ്റ്റന്റ്മാരുടെ റിവർഷൻ സംബന്ധിച്ചും പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ചുമുള്ള സ്പഷ്ടീകരണം ചുവടെ ചേർക്കുന്നു.

കെ.എസ്.ആർ ഭാഗം-I ചട്ടം 37A യ്ക്ക് ചുവടെയുള്ള സർക്കാർ തീരുമാനം പ്രകാരം ഒരു സർക്കാർ ജീവനക്കാരന്റെ ഉദ്യോഗക്കയറ്റമോ നിയമനമോ തെറ്റാണെന്ന് നിയമനാധികാരിയുടെ ശ്രദ്ധയിൽപ്പെടുന്ന മാത്രയിൽ തന്നെ പ്രസ്തുത ഉദ്യോഗക്കയറ്റത്തിന്റെയൊ നിയമനത്തിന്റെയോ ഉത്തരവുകൾ റദ്ദാക്കേണ്ടതും ഉടൻ തന്നെ ആ ജീവനക്കാരനെ തെറ്റായ ഉദ്യോഗക്കയറ്റം/നിയമനം ഉത്തരവില്ലായിരുന്നെങ്കിൽ അയാൾ വഹിക്കുമായിരുന്ന സ്ഥാനത്തേക്ക് കൊണ്ടുവരേണ്ടതാണ്. ടിയാളുകൾ അറ്റൻഡർ ടെസ്റ്റ് വിജയിക്കാത്ത സാഹചര്യത്തിൽ ഇവർക്ക് ലാബ് അസിസ്റ്റന്റ് തസ്തികയിൽ നൽകിയ പ്രൊമോഷൻ മുൻകാലപ്രാബല്യമില്ലാതെ റദ്ദ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച ശേഷം ഇവർ പ്രൊമോട്ട് ചെയ്യപ്പെടാതെ തുടർന്നിരുന്നെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളം കണക്കാക്കി ഇവരുടെ last pay റിവൈസ് ചെയ്ത് അതിനനുസൃതമായി പെൻഷൻ ആനുകൂല്യങ്ങൾ റിവൈസ് ചെയ്യേണ്ടതാണ് എന്നും ചുമതല വ്യത്യാസമുള്ള തസ്തികയിൽ ജോലിചെയ്ത സാഹചര്യത്തിൽ ലാബ്/ലൈബ്രറി അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിച്ച കാലയളവിൽ അധികമായി കൈപ്പറ്റിയ ശമ്പളം ഇവരിൽ നിന്നും തിരിച്ചു പിടിക്കേണ്ടതില്ല എന്നും എന്നാൽ പെൻഷൻ ആനുകൂല്യങ്ങളിൽ അധികമായി കൈപ്പറ്റിയ തുക തിരികെ പിടിക്കേണ്ടതാണ് എന്നും അറിയിക്കുന്നു. ലാബ് അസിസ്റ്റന്റ്മാരുടെ റിവർഷൻ സംബന്ധിച്ച എല്ലാ കേസുകളും ഇത്തരത്തിൽ നടപടി സ്വീകരിച്ച് തീർപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ
**മേരി ലാലി.സി.വൈ.**
അണ്ടർ സെക്രട്ടറി
ഗവൺമെന്റ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Priya

സെക്ഷൻ ഓഫീസർ

പകർപ്പ്: കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്